**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് പ്രൊജക്റ്റ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ( കാസ്പ് ) / പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം.ജെ.എ.വൈ.) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ലോക ബാങ്ക് നടപ്പാക്കുന്ന ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് (ഡി.ആർ. ജി.) പ്രോജക്ടിന് വേണ്ടി സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും രോഗികളുടെ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്; | (എ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ഡയഗണോസ്റ്റിക് റിലേറ്റഡ് ഗ്രൂപ്പ് എന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഒരു പൈലറ്റ് പ്രൊജക്റ്റ് ആണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജുകൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് നാഷണൽ ഹെൽത്ത് അതോറിറ്റിയേയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെയും സഹായിക്കാൻ ഉതകുന്ന പഠനങ്ങൾ നടത്താനാണ് ലോക ബാങ്ക് ഈ പദ്ധതിയിൽ സഹകരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന 5 പൈലറ്റ് സംസ്ഥാനങ്ങളിൽ ഒന്നാണ് SHA കേരളം. രോഗിയുടെ പ്രായം, ലിംഗം, ജില്ല, ആശുപത്രി വിവരങ്ങൾ, രോഗിയുടെ പൊതുവായ ചികിത്സാ വിവരങ്ങൾ (മരുന്നുകൾ മുതലായവ) എന്നിവയാണ് ഈ പ്രൊജക്ടിനായി ശേഖരിക്കുന്നത്. രോഗിയുടെ പേരോ മേൽവിലാസമോ ഈ പ്രൊജക്ടിനായി ശേഖരിക്കുന്നില്ല. |
| (ബി) | ലോക ബാങ്ക് നടപ്പാക്കുന്ന പ്രസ്തുത പ്രോജക്ടിന് എത്തിക്സ് കമ്മിറ്റിയുടെ സമ്മത പത്രം [ഐ. ഇ. സി. അപ്രൂവൽ (ഇൻഫർമേഷൻ,എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ) ]ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |
| (സി) | ഡി. ആർ. ജി. പ്രോജക്ടിന്റെ വിവര ശേഖരണത്തിന് പ്രോജക്ടിന്റെ വിശദ വിവരങ്ങൾ നൽകി രോഗികളിൽ നിന്നും സമ്മത പത്രം (ഇൻഫോംഡ് കൺസെന്റ്) വാങ്ങുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | മേൽ സൂചിപ്പിച്ച പ്രോജക്ടിന് രോഗികളുടെ വിവരങ്ങൾ കൈമാറാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഡയറക്ടർക്ക് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. ഡയഗണോസ്റ്റിക് റിലേറ്റഡ് ഗ്രൂപ്പ് എന്നത് നാഷണൽ ഹെൽത്ത് അതേറിറ്റിയുടെ ഒരു പൈലറ്റ് പ്രൊജക്റ്റ് ആണ്. ഈ പദ്ധതി നടപ്പിലാക്കുന്ന 5 പൈലറ്റ് സംസ്ഥാനങ്ങളിൽ ഒന്നാണ് SHA കേരളം. |

| | | | |
|---|---|---|---|
| | | | നാഷണൽ ഹെൽത്ത് അതോറിറ്റിയും ലോകബാങ്കും തമ്മിലാണ് കരാർ. |
| (ഇ) | രോഗികളുടെ ആരോഗ്യ വിവരങ്ങളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലോകബാങ്കുമായി ഡാറ്റ കോൺഫിഡൻഷ്യാലിറ്റി എഗ്രിമെന്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉത്തരം (ഡി) പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ